**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1839** **02-02-2024 - ൽ മറുപടിയ്ക്ക്**

**എൻഡോസൾഫാൻ ദുരിതബാധിതർക്ക് സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. കെ. പി. എ. മജീദ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | 2017-ലെ വിദഗ്ധ സമിതി റിപ്പോർട്ട് പ്രകാരം എൻഡോസൾഫാൻ ബാധിതരെന്ന് കണ്ടെത്തിയ എല്ലാവരെയും എൻഡോസൾഫാൻ ബാധിതരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; | (എ) | വിദഗ്ധ സമിതി റിപ്പോർട്ട് പ്രകാരം 2017-ലെ സ്പെഷ്യൽ മെഡിക്കൽ ക്യാമ്പിൽ 1905 പേരെ പരിശോധിക്കുകയും ആയതിൽ 879 പേരെ എൻഡോസൾഫാൻ ദുരിത ബാധിതതരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തു. ബാക്കിയുള്ളവർ നിർദ്ദിഷ്ട മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതിനാൽ അവരെ ഒഴിവാക്കി.<br><br>2010 മുതൽ 2017 വരെ വിവിധ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ വഴി 6727 വ്യക്തികളെ എൻഡോസൾഫാൻ ദുരിത ബാധിതരായി കണ്ടെത്തിയിരുന്നു. നിലവിൽ 6600 വ്യക്തികൾ എൻഡോസൾഫാൻ ദുരിത ബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.<br><br>127 പേരെ ചുവടെ ചേർക്കുന്ന കാരണങ്ങളാൽ ഒഴിവാക്കിയിട്ടുണ്ട്.<br><br>1. പട്ടികയിൽ നിന്നും ഒഴിവാകാൻ അപേക്ഷ നല്കിയവർ – 17<br><br>2. വന്ധ്യത കാരണമായി ഭാര്യയും ഭർത്താവും ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ ഒരാളെ ഒഴിവാക്കിയത് / വന്ധ്യത മൂലം ലിസ്റ്റിൽ ഉൾപ്പെടുകയും പിന്നീട് കുട്ടികളുണ്ടാവുകയും ചെയ്തവർ – 47<br><br>3. ഒരാൾ തന്നെ 2 ഒ. പി നമ്പറിൽ ഉൾപ്പെട്ടത് - 63 |
| (ബി) | ഇവർക്ക് സൗജന്യ ചികിത്സയും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | 2016 മുതൽ 2023 വരെയുള്ള വിവിധ സാമ്പത്തിക വർഷങ്ങളിലായി കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കായി സംസ്ഥാന സർക്കാർ ആകെ **456,19,38,884/- (നാനൂറ്റി അമ്പത്തിയാറ് കോടി പത്തൊൻപത്** |

**ലക്ഷത്തി മുപ്പത്തിയെണ്ണായിരത്തി എണ്ണൂറ്റി എൺപത്തിനാല് കോടി) രൂപ** ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ ഇനം തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

**കാസറഗോഡ് ജില്ലാ കളക്ടറേറ്റ് മുഖാന്തിരം**

1. ബഹു. സുപ്രിം കോടി വിധിപ്രകാരം എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള 5,00,000/- രൂപയുടെ ധനസഹായം - **269,24,00,000/-** രൂപ

2. വായപ എഴുതിതള്ളൽ പദ്ധതി **- 5,62,38,884/-**

3. ചികിത്സാ ധനസഹായ പദ്ധതി **- 95,00,00,000/-** (സ്റ്റേറ്റ് ഫണ്ട്)

**കേരള സാമൂഹ്യസുരക്ഷ മിഷൻ മുഖാന്തിരം**

1. സ്നേഹസാന്ത്വനം പ്രതിമാസ പെൻഷൻ പദ്ധതി **- 78,71,00,000/- രൂപ**

2. സ്പെഷ്യൽ ആശ്വാസകിരണം - എൻഡോസൾഫാൻ ദുരിതബാധിതരെ പരിചരിക്കുന്നവർക്കുള്ള പ്രതിമാസ ധനസഹായ പദ്ധതി **- 5,55,00,000/- രൂപ**

3. എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായ പദ്ധതി **- 2,07,00,000/-രൂപ**

**കാസറഗോഡ് എൻഡോസൾഫാൻ ദുരിത ബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് സൗജന്യ ചികിത്സയും മറ്റു ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട്. വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.**

1. എല്ലാ സർക്കാർ ആശുപത്രികളിലും സൗജന്യ ചികിത്സയും ലാബ് പരിശോധനകളും എംപാനൽ ചെയ്തിട്ടുള്ള 17 സർക്കാർ സ്വകാര്യ സ്പെഷ്യലിസ്റ്റ്/ സൂപ്പർ സ്പെഷ്യലിസ്റ്റ് ആശുപത്രികൾ മുഖേനയുള്ള സൗജന്യ സ്പെഷ്യലിസ്റ്റ്/സൂപ്പർ സ്പെഷ്യലിസ്റ്റ് സേവനങ്ങൾ, സർക്കാർ ആശുപത്രികളിൽ ലഭ്യമായ മരുന്നുകൾ സൗജന്യമായി നല്കുന്നു. ലഭ്യമല്ലാത്ത മരുന്നുകൾ അതത് ആശുപത്രികളുമായി ധാരണയുള്ള നീതി മെഡിക്കൽ സ്റ്റോറുകൾ മുഖേന ലഭ്യമാക്കുന്നു.

2. ആരോഗ്യകേരളം മുഖേന ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റ് എൻഡോസൾഫാൻ മേഖലയിൽ സേവനം നൽകുന്നു.

| | | | |
|---|---|---|---|
| | | | 3. എൻഡോസൾഫാൻ ദുരിതബാധിതരുൾപ്പെടുന്ന കാസർഗോഡ് ജില്ലയിലെ 11 പഞ്ചായത്തുകളിൽ ആരോഗ്യകേരളം മുഖേന നിയമിതരായ ഫിസിയോതെറാപിസ്റ്റുകൾ മുഖേന ഫിസിസയോതെറാപ്പി സേവനം നല്കി വരുന്നു.<br><br>4. പഞ്ചായത്ത് തലത്തിലെ പ്രാഥമിക പാലിയേറ്റീവ് നഴ്സുമാർ മുഖേനയും, ആരോഗ്യകേരളം മുഖേനയുള്ള സെക്കന്ററി പാലിയേറ്റീവ് നഴ്സുമാർ മുഖേനയും പാലിയേറ്റീവ് സേവനങ്ങൾ നല്കി വരുന്നു.<br><br>5. കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ നിലവിൽ നിർമ്മാണം പൂർത്തീകരിച്ച അക്കാദമിക് ബ്ലോക്കിൽ ജനറൽ മെഡിസിൻ, പീഡിയാട്രിക്, ന്യൂറോളജി, നെഫ്രോളജി, കമ്മ്യൂണിറ്റി മെഡിസിൻ, ഡെർമറ്റോളജി, സൈക്യാട്രി, ഇ.എൻ.ടി, പൾമനോളജി, ഓറൽ മാക്സിലോഫേഷ്യൽ സർജറി എന്നീ വിഭാഗങ്ങളിൽ ഒ.പി പ്രവർത്തിക്കുന്നു. എൻഡോസൾഫാൻ രോഗികൾക്ക് മരുന്നുകളും ലാബ് പരിശോധനകളും സൗജന്യമായി നല്കുന്നു. രോഗികളെ അതാത് ഒ.പി യിൽ പരിശോധിക്കുകയും വിദഗ്ധ ചികിത്സ വേണ്ടവരെ എം പാനൽ ചെയ്ത ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. ഹോസ്പിറ്റൽ ബ്ലോക്ക് പൂർത്തീകരിക്കുന്നതോടുകൂടി കിടത്തി ചികിത്സ, എൻഡോസൾഫാൻ ബാധിതർക്കുള്ള പ്രത്യേക വാർഡ്, MAR Unit, Physiotherapy, MRI, CT, Electrophysiology, Audiology and Speech Unit എന്നീ സൗകര്യങ്ങൾ ലഭ്യമാകും.<br><br>മെഡിക്കൽ കോളേജ് പൂർത്തിയാകുന്നതോടു കൂടി എൻഡോസൾഫാൻ ഗവേഷണ പ്രവർത്തനങ്ങളും സാധ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ